**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1820</u>** **<u>04-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>കീമിന്റെ അപേക്ഷ ഫീസ് വർദ്ധിപ്പിച്ച നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയായ കീമിന്റെ അപേക്ഷ ഫീസ് വർദ്ധിപ്പിച്ച നടപടി വിദ്യാർത്ഥികൾക്ക് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | 2024 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷകൾ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ (CBT) രീതിയിലേക്ക് മാറ്റിയിരിക്കുകയാണ്. പരീക്ഷയുടെ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ ഈ മാറ്റം സഹായിക്കുമെങ്കിലും, പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട സാങ്കേതികവും ഭരണപരവുമായ ചെലവുകൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.<br><br>**ചെലവ് വർദ്ധിക്കാനുള്ള പ്രധാന കാരണങ്ങൾ :**<br><br>• ഉയർന്ന നിലവാരമുള്ള കമ്പ്യൂട്ടർ സെന്ററുകൾ, സെർവർ സൗകര്യങ്ങൾ.<br>• ശക്തമായ നെറ്റ്‌വർക്ക് സുരക്ഷ (Network Security).<br>• സോഫ്റ്റ്‌വെയർ സപ്പോർട്ട് സ്റ്റാഫുകളുടെ സേവനം.<br>• പരീക്ഷ ഒന്നിലധികം ദിവസങ്ങളിലായി വിവിധ സെഷനുകളിൽ നടത്തുന്നതിനാൽ ഓരോ സെഷനും പ്രത്യേകമായി വരുന്ന ചെലവുകൾ.<br><br>മുൻ വർഷങ്ങളിൽ എഞ്ചിനീയറിംഗ്, ഫാർമസി പരീക്ഷകൾക്ക് ഒരൊറ്റ ഫീസ് അടച്ചാൽ മതിയായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ വിദ്യാർത്ഥികൾ ആവശ്യമില്ലായെങ്കിലും എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകൾക്ക് അപേക്ഷിക്കുമായിരുന്നു. എന്നാൽ രണ്ട് കോഴ്സുകൾക്കും അപേക്ഷിക്കുന്ന പല വിദ്യാർത്ഥികളും ഏതെങ്കിലും ഒരു പരീക്ഷയ്ക്ക് ഹാജരാകാത്ത അവസ്ഥയുണ്ട്. സി.ബി.ടി (CBT) പരീക്ഷയായതിനാൽ ഓരോ അപേക്ഷകനും പ്രത്യേകം കമ്പ്യൂട്ടർ, സീറ്റ്, മറ്റ് സാങ്കേതിക സൗകര്യങ്ങൾ എന്നിവ ഒരുക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | ഹാജരാകാത്തവർക്കായി ഒരുക്കുന്ന ഈ സൗകര്യങ്ങൾ വലിയ സാമ്പത്തിക ബാധ്യതയാണ് പരീക്ഷാ കമ്മീഷണറേറ്റിന് ഉണ്ടാക്കുന്നത്. മാത്രമല്ല അപേക്ഷകരുടെ എണ്ണത്തിന് അനുസരിച്ച് സെഷനുകളുടെ എണ്ണം കൂട്ടേണ്ടി വരുന്നു. വിവിധ സെഷനുകളിൽ വിദ്യാർത്ഥികൾ ഹാജരാകാതിരിക്കുന്നത് നോർമലൈസേഷൻ (Normalization) പ്രക്രിയയെയും ബാധിക്കുന്നുണ്ട്. |
| (ബി) | കീമിന്റെ നിലവിലുണ്ടായിരുന്ന ഫീസും വർദ്ധിപ്പിച്ച ഫീസും എത്ര വീതം ആണെന്ന് വ്യക്തമാക്കുമോ; എഞ്ചിനീയറിങ് - മെഡിക്കൽ സ്കീമുകളിലേക്ക് ഒരുമിച്ച് അപേക്ഷിക്കുന്നവർക്ക് ഫീസ് നിരക്ക് കുറച്ചുനൽകിയ കോമ്പോ പാക്കേജ് നിർത്തലാക്കിയിട്ടുണ്ടോ; കോമ്പോ പാക്കേജ് പ്രകാരം നൽകേണ്ടിയിരുന്ന അപേക്ഷാ ഫീസ് എത്രയാണ്; നിലവിൽ എത്രയായിട്ടാണ് മാറ്റിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | കീമിന്റെ നിലവിലുണ്ടായിരുന്ന ഫീസും വർദ്ധിപ്പിച്ച ഫീസും സംബന്ധിച്ച വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | ഉയർന്ന ഫീസ് നിരക്ക് പിൻവലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ജനുവരി 5 മുതൽ കീം അപേക്ഷ ക്ഷണിച്ചു കഴിഞ്ഞു. 06.02.2026 വരെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം ഉണ്ട്. ഫീസ് നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സർക്കാർ അംഗീകരിച്ച് കീം 2026 prospectus ൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

## 2026 – വർദ്ധിപ്പിച്ച ഫീസ്

| | .Course(s) opted | General(Others except SC/ ST) | SC | ST |
|---|---|---|---|---|
| a | Engineering | 925 | 400 | Nil |
| b | B.Pharm | 925 | 400 | Nil |
| c | Architecture | 650 | 260 | Nil |
| d | Medical & Allied | 650 | 260 | Nil |

## 2025 – നിലവിലുള്ള ഫീസ്

| | Course(s) opted | General(Others except SC/ ST) | SC | ST |
|---|---|---|---|---|
| a | Engineering only/B.Pharm only | 875 | 375 | Nil |
| b | Engineering and B.Pharm | 1125 | 500 | Nil |
| c | Architecture only/Medical & Allied/both | 625 | 250 | Nil |
| d | Both(a)&Both (b) | 1125 | 500 | Nil |
| e | Both (b)&Both (c) | 1300 | 525 | Nil |

സെക്ഷൻ ഓഫീസർ.